# 83. വെണ്ണിക്കുളം

'അനായാസേന മരണം' മാത്രമേ തനിക്ക് ഇനി ആവശ്യമുള്ളൂ എന്ന് പ്രൊഫസ്സർ കുററിപ്പുഴ കൃഷ്ണപിള്ള അദ്ദേഹത്തിൻെറ അവസാന വർഷങ്ങളിൽ കൂടെക്കൂടെ പറയുമായിരുന്നു. കുററിപ്പുഴയുടെ ആ ആഗ്രഹം സാഫല്യമടയുകയുണ്ടായില്ല. അങ്കമാലിയിലെ ആസ്പത്രിയിൽ ഏതാനും ആഴ്ചകളോളം രോഗവുമായി മല്ലിട്ടുകൊണ്ട് അദ്ദേഹത്തിനു കഴിച്ചുകൂട്ടേണ്ടി വന്നു. ഇക്കഴിഞ്ഞ ആഗസ്റ്റ് 29—ാം തീയതി രാത്രി തിരുവനന്തപുരത്ത് ഉദാരശിരോമണി റോഡിലുള്ള 'സുപ്രകാശം' എന്ന തൻെറ വീട്ടിൽവെച്ച് 78–ാം വയസ്സിൽ നിര്യാതനായ മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പിന് കൈവന്നത് കുററിപ്പുഴ ആഗ്രഹിച്ച 'അനായാസേന മരണ'മായിരുന്നു. ഏതാനും വർഷം മുമ്പ് രോഗം വെണ്ണിക്കുളത്തെയും അവശനാക്കുകയുണ്ടായെങ്കിലും, തികച്ചും ആരോഗ്യവാനായാണ് അദ്ദേഹം അന്ത്യനാളുകൾ നയിച്ചത്.

വള്ളത്തോളിൻെറ കാലഘട്ടത്തെ മലയാള കവിതയുടെ വസന്തമെന്നു വിവരിക്കുന്നവർ വെണ്ണിക്കുളത്തിൻെറ കാലഘട്ടത്തെ മലയാള കവിതയുടെ ശരത്കാലമെന്നു വിവരിക്കാൻ മടിക്കുകയില്ല. വള്ളത്തോൾ കവിതയുടെ ഒരു തുടർച്ചയായിരുന്നു വെണ്ണിക്കുളത്തിൻെറ കവിത. മലയാള ഭാഷയുടെ പ്രസാദവും മാധുര്യവും വള്ളത്തോളിൻെറ കവിതയിലെന്നപോലെ വെണ്ണിക്കുളത്തിൻെറ കവിതയിലും നിറഞ്ഞു നില്ക്കുന്നു. ഭാഷയുടെ ഈ സവിശേഷതയോടൊപ്പം വള്ളത്തോളിൻെറ ദേശാഭിമാനവും ശുഭപ്രതീക്ഷാശീലവും സംസ്കാരബോധവും വെണ്ണിക്കുളത്തിൻെറ ചേതനയുടെയും പ്രമുഖ ഘടകങ്ങളായിരുന്നു. അരോഗവും ബലിഷ്ഠവുമാണ് വള്ളത്തോളിൻെറയെന്നപോലെ വെണ്ണിക്കുളത്തിൻെറയും കാല്പനിക ഭാവന. സനാതനധർമത്തിൻെറ അടിസ്ഥാനമൂല്യങ്ങളിൽ ഇവർ രണ്ടുപേർക്കും പതറാത്ത വിശ്വാസമുണ്ടായിരുന്നു.

ആറു പതിററാണ്ടുകൾ മുമ്പ് മലയാള കവിതാരംഗത്ത് സങ്കോചത്തോടെ കടന്നുവരികയും അവിടെ അധികാരപൂർവം നിലയുറപ്പിക്കുകയും ചെയ്ത ഒരാളെ സംബന്ധിച്ചിടത്തോളം ഇതിൽ അസ്വാഭാവികമായി ഒന്നുമില്ല. പുസ്തകാകൃതിയിൽ ആദ്യമായി (1929–ൽ) വെളിച്ചം കണ്ട വെണ്ണിക്കുളത്തിൻെറ കൃതി സാഹിത്യപരിഷത്തിൻെറ ഒരു കവിതാമത്സരത്തിനു വേണ്ടി രചിക്കപ്പെട്ട 'ഭർത്തൃപരിത്യക്തയായ ശകുന്തള' ആണെന്നു തോന്നുന്നു. ബങ്കിമചന്ദ്രൻെറ സ്വാധീനമാണ് 'ജഗത്‌സമക്ഷം' എന്ന, പിന്നീട് എടുത്തു പറയേണ്ട, കാവ്യത്തിൽ പ്രകടമായിട്ടുള്ളത്. 'മഗ്‌ദലനമറിയ'ത്തിൻെറ സ്വാധീനം 'രോഗിണി' എന്ന ഖണ്ഡകാവ്യത്തിൽ കാണാം. ഇതെല്ലാം വെണ്ണിക്കുളത്തിൻെറ ആദ്യകാല സംഭാവനകളത്രേ.

പതിന്നാലോ പതിനഞ്ചോ പുസ്തകങ്ങളിലായി സമാഹരിക്കപ്പെട്ട മുന്നൂററമ്പതോളം ഭാവഗാനങ്ങളാണ് മലയാളകവിതയ്ക്കു മഹാകവി വെണ്ണിക്കുളത്തിൻെറ മുഖ്യ സംഭാവന. അദ്ദേഹത്തെ പ്രസിദ്ധിയിലേക്കുയർത്തിയതും ഇവതന്നെയാണ്. മലയാളത്തിലെ ഏററവും നല്ല നൂറു ഭാവഗാനങ്ങൾ സമാഹരിച്ചു പ്രസിദ്ധപ്പെടുത്തുകയാണെങ്കിൽ, അവയിൽ വെണ്ണിക്കുളത്തിൻെറ നാലോ അഞ്ചോ രചനകൾ ഉൾപ്പെട്ടിരിക്കുമെന്നത് ഏറെക്കുറെ ഉറപ്പാണ്.

മൗലികരചനകൾക്കു പുറമെ, വെണ്ണിക്കുളത്തിൻെറ വിവർത്തനങ്ങളും മലയാളസാഹിത്യത്തിന് മിഴിവുററ നേട്ടങ്ങൾ തന്നെ. ഇവയുടെ കൂട്ട

ത്തിൽ ആദ്യം പറയേണ്ടതു് തുളസീദാസ രാമായണത്തിന്റെ വിവർത്തനമാകുന്നു. മൂലകൃതിയുമായി വിവർത്തകൻ വൈകാരികമായി തികച്ചും താദാത്മ്യം പ്രാപിച്ചിട്ടുള്ളതിനാൽ, വിവർത്തനത്തിനു് ഒരു മൗലികകൃതിയുടെ നൈസർഗിക പ്രവാഹം കൈവന്നിട്ടുണ്ടു്. എഴുത്തച്ഛന്റെ അദ്ധ്യാത്മ രാമായണംപോലെ കേരളീയ ഗൃഹങ്ങളിൽ നിത്യപാരായണത്തിനു് ഉപയോഗിക്കാവുന്നതാണു് വെണ്ണിക്കുളത്തിന്റെ തുളസീദാസരാമായണവിവർത്തനം. തമിഴിൽനിന്നു് 'തിരുവള്ളുവരുടെ സുപ്രസിദ്ധമായ 'തിരുക്കുറൾ' എന്ന നീതികാവ്യവും സുബ്രഹ്മണ്യഭാരതിയുടെ തിരഞ്ഞെടുത്ത ഏതാനും കവിതകളും വെണ്ണിക്കുളം വിവർത്തനം ചെയ്തിട്ടുണ്ടു്. കുമാരനാശാൻ 'ബുദ്ധചരിത'ത്തിൽ വിവർത്തനം ചെയ്യാതെവിട്ട 'ലൈററ് ഓഫ് ഏഷ്യ'യുടെ ആറും ഏഴും കാണ്ഡങ്ങൾ അദ്ദേഹം തർജമചെയ്തു പ്രസിദ്ധപ്പെടുത്തുകയുണ്ടായി. കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിനു് വെണ്ണിക്കുളത്തിന്റേതായിട്ടുമുണ്ടു് ഒരു ഭാഷാന്തരം.

മാത്യു കഴിവേലിയുടെ 'ബാലൻ' പ്രസിദ്ധീകരണങ്ങൾക്കുവേണ്ടി ഏതാനും ബാലകഥകളും ജീവചരിത്രങ്ങളും വെണ്ണിക്കുളം രചിച്ചിട്ടുണ്ടു്. 'കൈരളീകോശം' എന്ന ഒരു നിഘണ്ടുവിന്റെ സമ്പാദകനാണു് അദ്ദേഹം. 'പ്രിയംവദ' എന്ന ഒരു നാടകവും അദ്ദേഹം എഴുതിയിട്ടുണ്ടു്. 'ആത്മരേഖ' എന്ന പേരിൽ വെണ്ണിക്കുളത്തിന്റെ ആത്മകഥയും നമുക്കു കൈവന്നിട്ടുണ്ടു്. ആറുകൊല്ലം മുമ്പു്, 1974-ൽ, ആണു് ഇതു പ്രസിദ്ധീകരിച്ചതു്. 1962-ൽ അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തി പ്രമാണിച്ചു് സുഹൃത്തുക്കൾ തയ്യാറാക്കിയ 'തങ്കത്താലം' എന്ന അഭിനന്ദനഗ്രന്ഥത്തിൽ, അദ്ദേഹത്തിന്റെ വ്യക്തിത്വത്തേയും കവിത്വത്തേയും സംബന്ധിച്ചു് സമകാലികർക്കുള്ള മതിപ്പു് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

മഹാകവി വെണ്ണിക്കുളത്തിന്റെ ഭൗതികശരീരമെന്നപോലെ അദ്ദേഹത്തിന്റെ പ്രതിഭയും അവസാനകാലംവരെ ഊർജസ്വലമായിത്തന്നെ വർത്തിച്ചു. സഞ്ജയ് ഗാന്ധിയുടെ ചരമത്തെപ്പററി അദ്ദേഹം എഴുതിയ കവിത മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഈയിടെ പ്രസിദ്ധീകരിച്ചിരുന്നു. മാതൃഭൂമി ആഴ്ചപ്പതിപ്പിനോടു് മഹാകവി വെണ്ണിക്കുളത്തിനു് സവിശേഷമായ ഒരു സ്നേഹബന്ധമാണുണ്ടായിരുന്നതു്. അദ്ദേഹത്തിന്റെ മികച്ച ഭാവഗാനങ്ങളധികവും വെളിച്ചം കണ്ടിട്ടുള്ളതു് ആഴ്ചപ്പതിപ്പിന്റെ പേജുകളിലൂടെയാണു്. ആഴ്ചപ്പതിപ്പിന്റെ ഒരു അഭ്യർത്ഥനയും അദ്ദേഹം നിരസിക്കുകയുണ്ടായിട്ടില്ല. ആഴ്ചപ്പതിപ്പിന്റെ ആരംഭം മുതൽ മഹാകവിയുടെ നിര്യാണംവരെ അനുസ്യൂതമായി തുടർന്നു വന്നു ആ സാഹിതീയസൗഹാർദം.

മദ്രാസിൽ ഗവേഷണ വിദ്യാർത്ഥിയായിരിക്കേ എനിക്കു് വെണ്ണിക്കുളവുമായി പരിചയപ്പെടാൻ അവസരമുണ്ടായി. അവിടെ ഞങ്ങൾ താമസിച്ചിരുന്ന ലോഡ്ജിൽ അദ്ദേഹം ഏതാനും ദിവസം അതിഥിയായിരുന്നു. അന്നു് ആരംഭിച്ചതാണു് ഞങ്ങൾ തമ്മിലുള്ള സൗഹൃദ്ബന്ധം. എന്റെ ഭാഗത്തു് ഗുരുനിർവിശേഷമായ ആദരവും അദ്ദേഹത്തിന്റെ ഭാഗത്തു് സാഹോദരനിർവിശേഷമായ വാത്സല്യവും ഉൾച്ചേർന്നിരുന്ന ഈ മൈത്രി എന്റെ ജീവിതത്തിന്റെ ധന്യതകളിൽ ഒന്നാണു്.

1962-ൽ തന്റെ തിരഞ്ഞെടുത്ത നൂററിമുപ്പത്തൊന്നു കവിതകളുടെ സമാഹാരം പ്രസിദ്ധീകരിച്ചപ്പോൾ അതിനു് 'കദളീവനം' എന്ന പേരാണു് മഹാകവി വെണ്ണിക്കുളം നൽകിയതു്.

'പച്ചക്കദളിക്കുലകൾക്കിടയ്ക്കിടെ
മെച്ചത്തിൽ നന്നായ് പഴുത്ത പഴങ്ങളും
ഉച്ചത്തിലിങ്ങനെ കണ്ടാൽ പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചു കോർത്തുള്ള

മാലകാംകൊണ്ടു വിതാനിച്ച മിക്കൊന്നു
മാലോകരൊക്കെയും ശങ്കിക്കുമാറുള്ള'

'ലീലാവിലാസം' ആണല്ലോ, കേരളീയരുടെ ഭാവനയിൽ, കദളീവനത്തിന്റെ സവിശേഷത. മഹാകവിയുടെ കവിതയിൽ ഈ 'ലീലാവിലാസ'ത്തോടൊപ്പം കദളിപ്പഴത്തിന്റെ സൗമ്യമായ സൗരഭ്യവും അച്യുമായ മാധുര്യവും ഇഴകിച്ചേർന്നിട്ടുണ്ടെന്ന കാര്യത്തിൽ ആർക്കും വിപ്രതിപത്തിയുണ്ടാവുകയില്ല.—ശ്രീരാമ ദൂതന്റെ സാന്നിദ്ധ്യം കദളീവനത്തിനു നൽകിയിരുന്ന വിശുദ്ധിയുടേതായ ഒരു പരിവേഷവും സഹൃദയർക്ക് ആ കവിതയിൽ അനുഭവിക്കാവുന്നതാണ്.

30 ആഗസ്റ്റ്, 1980

# 84. വാഴേങ്കട കുഞ്ചുനായർ

'ശ്ലിഷ്ടാ ക്രിയാ കസ്യചിദാത്മസംസ്ഥാ
സംക്രാന്തിരന്യസ്യ വിശേഷയുക്താ
യസ്യോഭയം സാധു സ ശിക്ഷ കാണാം
ധുരി പ്രതിഷ്ഠാപയിതവ്യ ഏവ'

ഏററവും നല്ല നാട്യാചാര്യൻ ആര് എന്ന ചോദ്യത്തിന് കാളിദാസൻ നൽകിയ ഉത്തരമാണ് മുകളിൽ ഉദ്ധരിച്ച പദ്യം. ചിലർക്ക ഭംഗിയായി അഭിനയിക്കാൻ അറിയാം. മററു ചിലർ സ്വയം അഭിനയിക്കുന്നതിൽ അത്ര വിദഗ്ദ്ധരല്ലെങ്കിലും അന്യരെ അഭിനയം പഠിപ്പിക്കുന്നതിൽ വിശേഷിച്ചു നിപുണരാണ്. സ്വയം അഭിനയിക്കുന്നതിനും അന്യരെ പഠിപ്പിക്കുന്നതിനുമുള്ള രണ്ടുതരം പാടവങ്ങളും ആരിൽ ഒത്തുചേർന്നു വിളങ്ങുന്നുവോ അയാളെയാണ് അദ്ധ്യാപകരുടെ തലവനായി നിയമിക്കേണ്ടത് എന്നത്രേ ഇതിന്റെ താല്പര്യം.

കാളിദാസന്റേതായ ഈ മാനദണ്ഡമനുസരിച്ച്, കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളിൽ കേരളത്തിലെ കഥകളിയാശാന്മാരുടെ തലപ്പത്തു പ്രതിഷ്ഠിക്കപ്പെടുവാൻ സർവഥാ അർഹനായിരുന്നു ഇക്കഴിഞ്ഞ ഫെബ്രുവരി 19—നു നിര്യാതനായ വാഴേങ്കട കുഞ്ചുനായരാശാൻ. കൃഷ്ണൻനായരെപ്പോലെ, കളിവിളക്കിനെക്കൂടി നിഷ്പ്രഭമാക്കിക്കൊണ്ട് അരങ്ങു നിറഞ്ഞു നില്ക്കുവാനോ, കഥകളിയുടെ ക ഖ ഗ പോലും അറിയാത്ത പാമരരെക്കൂടി പരമാവധി രസിപ്പിക്കുവാനോ ഉള്ള സിദ്ധി കുഞ്ചുനായരാശാന് ഉണ്ടായിരുന്നു എന്നു പറഞ്ഞുകൂടാ. എന്നാൽ, കഥകളിയുടെ സങ്കേതങ്ങളിൽ അവഗാഹമുള്ളവരെ സംബന്ധിച്ചിടത്തോളം കുഞ്ചുനായരുടെ അഭിനയം അത്ഭുതോപമംതന്നെയായിരുന്നു. അഭ്യാസസിദ്ധമായ അഭിനയപാടവത്തെ ആർജിതപാണ്ഡിത്യംകൊണ്ട് അദ്ദേഹം കറയററതാക്കി. താൻ അവതരിപ്പിക്കുന്ന കഥാപാത്രങ്ങളുടെ പുരാണപ്രതിപാദിതമായ സ്വഭാവം എന്തെന്ന് അദ്ദേഹത്തിനു നല്ല ഉറപ്പുണ്ടായിരുന്നു. അതിനാൽ, സ്ഥായിരസത്തെ ഒരിക്കലും കൈവിടാതെ മാത്രം താത്ക്കാലികങ്ങളായ സഞ്ചാരിഭാവങ്ങളം പ്രദർശിപ്പിക്കുന്നതിൽ അദ്ദേഹം വളരെയധികം ശ്രദ്ധവെച്ചു. 'കടന്നുപോയി' എന്നോ 'വേണ്ടത്ര ആയില്ല' എന്നോ പറയിപ്പിക്കുന്ന ഒന്നും അദ്ദേഹത്തിന്റെ പ്രകടനങ്ങളിലുണ്ടായിരുന്നില്ല. അതിശയോക്തിയിലേക്കു വഴുതിവീഴാൻ എപ്പോഴും സാദ്ധ്യതയുള്ള കഥകളിരംഗത്ത് സുനിയന്ത്രിതമായ സംയമം പ്രദർശിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.